പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 689 11-12-2012 - ൽ മറുപടിക്ക് .

## നെല്ലിയാമ്പതി എസ്റ്റേറ്റ്

**ചോദ്യം**

ശ്രീ. ഡോ. ടി. എം. തോമസ് ഐസക്

**ഉത്തരം**

ശ്രീ. കെ. എം. മാണി

ബഹു: ധനകാര്യവും നിയമവും

ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | നെല്ലിയാമ്പതി എസ്റ്റേറ്റുകളുമായി ബന്ധപ്പെട്ട കേസ് നടത്തിപ്പിൽ സർക്കാർ പ്ലീഡർമാരുടെയും നിയമവകുപ്പിലെ ഉദ്യോഗസ്ഥരുടെയും ഭാഗത്ത് ഗുരുതരമായ വീഴ്ച്ചകൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | നെല്ലിയാമ്പതി എസ്റ്റേറ്റുകളുമായി ബന്ധപ്പെട്ട കേസ്സുകൾ നടത്തുന്നത് നിയമവകുപ്പോ നിയമവകുപ്പിലെ ഉദ്യോഗസ്ഥൻമാരോ അല്ല. പ്രസ്തുത കേസ്സുകൾ നടത്തുന്നത് വനംവകുപ്പും അഡ്വക്കേറ്റ് ജനറലും വനംവകുപ്പിന്റെ കേസുകൾ നടത്തുന്നതിനുള്ള ഗവൺമെന്റ് പ്ലീഡറുമാണ്. |
| (ബി) | നെല്ലിയാമ്പതി എസ്റ്റേറ്റുകളുമായി ബന്ധപ്പെട്ട കേസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈകാര്യം ചെയ്യുവന്ന സർക്കാർ പ്ലീഡർമാർ ആരൊക്കെയാണ്; | നെല്ലിയാമ്പതി എസ്റ്റേറ്റുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസുകൾ താഴെ പറയുന്നവയാണ്.<br>1. WP(C) 8904/2012<br>2. WP(C) 9013/2012<br>3. WP(C) 10120/2012<br>4. WP(C) 10122/2012<br>5. WP(C) 10127/2012<br>6. WP(C) 10248/2012<br>7. WP(C) 15128/2012<br>8. WP(C) 16134/2012<br>9. WP(C) 16178/2012<br>10. WP(C) 16579/2012<br>11. WP(C) 16716/2012<br>12. WP(C) 17589/2011<br>13. WP(C) 18339/2011<br><br>മേൽപ്പറഞ്ഞ കേസുകളിൽ ക്രമനമ്പർ 1 മുതൽ 11 വരെ കേസുകൾ നടത്തുന്നത് അഡ്വക്കേറ്റ് ജനറലും ക്രമനമ്പർ 12,13 ആയി പറയുന്ന കേസുകൾ നടത്തുന്നത് സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ (വനം) ശ്രീ. എം. പി. മാധവൻകുട്ടിയും ആണ്. |

| | | |
|---|---|---|
| (സി) | നെല്ലിയാമ്പതിയിലെ ചെറുനെല്ലി അടക്കമുള്ള ഏതാനും എസ്റ്റേറ്റുകൾ ഏറ്റെടുക്കാനുള്ള വനം വകുപ്പിന്റെ നടപടികൾക്കെതിരെ കൈവശക്കാർ കോടതിയിൽ നൽകിയ ഹർജികളിൽ സർക്കാരിനുവേണ്ടി സത്യവാങ്മൂലം തയ്യാറാക്കിയിട്ടുണ്ടായിരുന്നുവോ; പ്രസ്തുത സത്യവാങ്മൂലം ദുർബലവും കേസ് പരാജയപ്പെടാൻ ഇടയാക്കുന്നതുമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | നെല്ലിയാമ്പതി എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ക്രമനമ്പർ 1 മുതൽ 11 വരെയുള്ള കേസുകളിൽ 07-07-2012-ൽ നെല്ലിയാമ്പതി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത സത്യവാങ്മൂലം ദുർബലവും കേസ് പരാജയപ്പെടാൻ ഇടയാക്കുന്നതുമാണെന്ന പരാതി ഇതേവരെ നിയമ വകുപ്പിൽ ലഭിച്ചിട്ടില്ല. |
| (ഡി) | 09-08-2012 ന് നിയമ വകുപ്പ് സെക്രട്ടറി വിളിച്ചുചേർത്തയോഗത്തിൽ ഇക്കാര്യങ്ങളെല്ലാം ചർച്ച ചെയ്യുകയുണ്ടായോ; കേസുമായി ബന്ധപ്പെട്ട എന്തെല്ലാം സാഹചര്യങ്ങളിൽ ഏതെല്ലാം തീരുമാനങ്ങൾ യോഗത്തിൽ എടുക്കുകയുണ്ടായി ? | 09-08-2012 ന് നിയമ വകുപ്പ് സെക്രട്ടറി ഇതു സംബന്ധിച്ച് യാതൊരു യോഗവും വിളിച്ചു ചേർത്തിട്ടില്ല. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ